

IWAY (ഐവേ) സ്റ്റാൻഡേർഡ്

# അക്കോമഡേഷൻ വിഭാഗം

*അക്കോമഡേഷനിലേക്ക് നിർദിഷ്ടമായ പൊതു വിഭാഗത്തിനുള്ള അധിക ആവശ്യകതകൾ*

പൊതുവായ വിഭാഗത്തിൽ അടങ്ങിയിരിക്കുന്ന മറ്റെല്ലാ ആവശ്യകതകളും അക്കോമഡേഷനും *കമ്മ്യൂണൽ ഫെസിലിറ്റി*കൾക്കും തുല്യമായി ബാധകമാണ് (ഉദാ. അടിയന്തര മാനേജ്മെന്റ്, കെട്ടിടം, വൈദ്യുത സുരക്ഷ).

IWAY Standard താമസസൗകര്യ വിഭാഗം, എഡിഷൻ 6.0-യുടെ ഒരു വിവർത്തനമാണ് ഈ ഡോക്യുമെന്റ്. ഈ വിവർത്തനം വിവര ഉദ്ദേശ്യങ്ങൾക്ക് മാത്രമുള്ളതാണ്, ഒരു കരാർപരമായ ഡോക്യുമെന്റായി കണക്കാക്കാവുന്നതല്ല. ഏക ഔദ്യോഗിക ഡോക്യുമെന്റായി പരിഗണിക്കേണ്ടതും വ്യാഖ്യാനത്തിലെ വ്യത്യാസങ്ങളും തർക്കങ്ങളും മറ്റ് പൊരുത്തക്കേടുകളും ഉണ്ടാകുന്ന സന്ദർഭത്തിൽ അവലംബിക്കേണ്ടതും ഇംഗ്ലീഷ് പതിപ്പാണ്.

**പതിപ്പ് 6.0 പ്രസിദ്ധീകരിച്ചത് സെപ്റ്റംബർ 2019- © Inter IKEA Systems B.V. 2019**
**(ഇന്റർ ഐകിയ സിസ്റ്റംസ് B.V. 2019)**

# 3 കുട്ടികളെ പരിരക്ഷിക്കുകയും ജോലിക്കും പഠനത്തിനും കുടുംബജീവിതത്തിനുമുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

## കുട്ടികളുടെ പരിരക്ഷണം

അടിസ്ഥാനകാര്യം (BASIC)

A 3.1 അക്കോമഡേഷനിൽ താമസിക്കുന്ന കുട്ടികൾക്ക് അപായകരമായ ഭാഗങ്ങളിലേക്ക് പ്രവേശനം ഇല്ല.

## കുടുംബജീവിതത്തിനുള്ള അവസരങ്ങൾ

മികച്ചത് (EXCELLENT)

A 3.2 കുടുംബജീവിതം പ്രോത്സാഹിപ്പിക്കുന്നത്, ഏറ്റവും കുറഞ്ഞത്:

- കുടുംബങ്ങൾക്ക് *അക്കോമഡേഷൻ* നൽകിക്കൊണ്ട്.
- മറ്റുവിധത്തിൽ ലഭ്യമല്ലാത്തപ്പോൾ *തൊഴിലാളി*കളുടെ കുട്ടികൾക്കായി വിദ്യാഭ്യാസ അവസരങ്ങളും സ്കൂൾ കഴിഞ്ഞുള്ള പ്രോഗ്രാമുകളും ക്രമീകരിച്ചുകൊണ്ട്.
- കുട്ടികൾക്ക് കളിക്കാൻ സുരക്ഷിതമായ സ്ഥലങ്ങൾ ഒരുക്കിക്കൊണ്ട്.

# 7 തൊഴിൽ ജീവിത സാഹചര്യങ്ങൾ അനുയോജ്യമാണ്

## താമസിക്കുന്നവരുടെ അവകാശങ്ങൾ

**നിർബന്ധം (MUST)**

A 7.1 *തൊഴിലാളികൾ* നിയുക്ത അക്കോമഡേഷനിൽ താമസിക്കണമെന്ന് നിർബന്ധമില്ല.

A 7.2 ഏത് സമയത്തും *അക്കോമഡേഷൻ* വിടുന്നതിന് താമസിക്കുന്നവർക്ക് അവകാശമുണ്ട്.

**അടിസ്ഥാനകാര്യം (BASIC)**

A 7.3 താമസക്കാർ അവരുടെ അവകാശങ്ങളും കടമകളും മനസ്സിലാക്കുന്നു, *അക്കോമഡേഷൻ* നിയമങ്ങളുടെ ഒരു പകർപ്പ് നൽകപ്പെടുകയും ചെയ്യും.

A 7.4 താമസക്കാർക്ക് ഉണ്ടാകുന്ന എല്ലാ *അക്കോമഡേഷൻ* ചെലവുകളുടെയും ഒരു ബ്രേക്ക്ഡൗൺ അവർ നടത്തുന്ന പേയ്മെന്റുകളുടെ തെളിവായി ലഭിക്കും.

A 7.5 *അക്കോമഡേഷൻ* ചെലവുകൾ ശരാശരി വിപണി നിരക്കുകളിൽ കൂടരുത്.

**വിപുലമായത് (ADVANCED)**

A 7.6 ബാങ്കിംഗ് സേവനങ്ങൾ, ഷോപ്പിംഗ് സേവനങ്ങൾ അല്ലെങ്കിൽ ആരോഗ്യ പരിചരണം പോലുള്ള സൗകര്യങ്ങളിലേക്കുള്ള പ്രവേശനത്തിന് സൗകര്യമൊരുക്കുന്നു.

## അക്കോമഡേഷൻ

**അടിസ്ഥാനകാര്യം (BASIC)**

A 7.7 *അക്കോമഡേഷൻ* ഉറച്ച ഘടനയുള്ളതാണ്, പ്രകൃതിദത്തവും കൃത്രിമവുമായ പ്രകാശവും തടസ്സമില്ലാത്ത വൈദ്യുതി വിതരണവും ജലവിതരണവും കാലാവസ്ഥാ സാഹചര്യങ്ങൾക്ക് എതിരായ സംരക്ഷണവും വായുസഞ്ചാരവും ആവശ്യമുള്ളപ്പോൾ, ഹീറ്റിംഗും ലഭ്യമാണ്.

A 7.8 *അക്കോമഡേഷൻ* ഉയർന്ന അപകടസാധ്യതയുള്ള പ്രവർത്തനങ്ങൾ നടക്കുന്ന ഒരു കെട്ടിടത്തിലല്ല സ്ഥിതിചെയ്യുന്നത്. *അക്കോമഡേഷൻ* വളരെ ഉയർന്ന ശബ്ദശല്യമുള്ള ഇടങ്ങളിൽ നിന്ന് മാറി സ്ഥിതിചെയ്യുന്നു.

## വ്യക്തിഗത താമസ സ്ഥലം

**അടിസ്ഥാനകാര്യം (BASIC)**

A 7.9 *അക്കോമഡേഷൻ* പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേ കെട്ടിടത്തിലാണ് നൽകുന്നതെങ്കിൽ ഒരു ഡബിൾ റൂം പങ്കിടാൻ താമസിക്കുന്നവർ തിരഞ്ഞെടുക്കാത്ത പക്ഷം, ഓരോ വിഭാഗക്കാർക്കും പ്രത്യേകം മുറികൾ നൽകുന്നതാണ്.

A 7.10 താമസിക്കുന്നവരുടെ എണ്ണം കൊണ്ട് ഗുണിക്കുമ്പോൾ ഓരോ മുറിയും കുറഞ്ഞത് 3.8 m2 എങ്കിലും ഉണ്ട്. സീലിംഗ് ഉയരം കുറഞ്ഞത് 2.1m ആണ്. മുറികൾ പങ്കിടുകയാണെങ്കിൽ, പരമാവധി താമസക്കാർ സ്ഥലം കണക്കിലെടുക്കാതെ 8 വ്യക്തികൾ ആണ്.

A 7.11 താമസക്കാർ ഓരോരുത്തർക്കും സ്വന്തമായി ബെഡ്ഡും തലയിണകളും അല്ലെങ്കിൽ പായയും വിലപിടിപ്പുള്ളവ സൂക്ഷിക്കാനായി ഒരു വ്യക്തിഗതമായ, ലോക്ക് ചെയ്യാവുന്ന സ്റ്റോറേജ് സ്ഥലവും മറ്റ് വ്യക്തിഗത ഇനങ്ങൾക്കുള്ള വ്യക്തിഗത സ്റ്റേറേജ് സ്ഥലവും അവരുടെ മുറിക്കായുള്ള ഒരു കീയും അല്ലെങ്കിൽ തത്തുല്യമായതും നൽകുന്നതാണ്. ഓരോ മുറിയും അകത്തുനിന്നും പുറത്തുനിന്നും ലോക്ക് ചെയ്യാൻ കഴിയും.

**വിപുലമായത് (ADVANCED)**

A 7.12 പങ്കിട്ട മുറികൾക്കായി, താമസിക്കുന്നവരുടെ സ്വകാര്യത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നതാണ്.

**മികച്ചത് (EXCELENT)**

A 7.13 ജോലിക്കാർക്ക് പ്രത്യേകം മുറികൾ ലഭ്യമാണ്.

## കമ്മ്യൂണൽ ഫെസിലിറ്റികൾ

**അടിസ്ഥാനം (BASIC)**

A 7.14 അക്കോമഡേഷനിൽ വൃത്തിയുള്ളതും പ്രവർത്തന സജ്ജവുമായ പാചകത്തിനായുള്ള നിയുക്ത സ്ഥലങ്ങളുണ്ട്. നിയുക്ത ഇടങ്ങളിൽ മാത്രമാണ് പാചകം ചെയ്യുന്നത്. പാചക ഇടങ്ങൾക്ക് പകരമായി കാറ്ററിംഗോ തത്തുല്യമായതോ ഏർപ്പെടുത്താവുന്നതാണ്.

A 7.15 അക്കോമഡേഷനിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി വേർതിരിച്ചതും താമസക്കാരുടെ എണ്ണത്തിന് ആനുപാതികവുമായ ഷവറുകളും ടോയിലറ്റ് സൗകര്യങ്ങളും ഉൾപ്പെടുന്നതുമാണ്. ഷവർ സൗകര്യങ്ങളിൽ ചൂടുവെള്ളമുണ്ട്.

**വിപുലമായത് (ADVANCED)**

A 7.16 വിനോദ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

A 7.17 അസുഖമുള്ള താമസക്കാർക്ക് ആവശ്യത്തിന് വിശ്രമവും മറ്റുള്ളവരിൽ നിന്ന് മാറിനിൽക്കാനും ഉള്ള അനുയോജ്യ സൗകര്യങ്ങൾ ഉണ്ട്.

# പദസഞ്ചയം

| | |
|---|---|
| ***അക്കോമഡേഷൻ*** | താമസസൗകര്യ ക്രമീകരണം (സൈറ്റിലോ സൈറ്റിന് പുറത്തോ, ദീർഘകാലത്തേക്കോ അല്ലാത്തതോ) സപ്ലയർ അല്ലെങ്കിൽ സപ്ലയർക്ക് വേണ്ടി നൽകപ്പെടുന്നതാണ്, സ്വകാര്യ താമസ സ്ഥലവും *കമ്മ്യൂണൽ ഫെസിലിറ്റി*കളും ഉള്ളതാണിത്. ട്രക്ക് ക്യാബിനുകളെ *അക്കോമഡേഷൻ* ആയി കണക്കാക്കില്ല. |
| ***കമ്മ്യൂണൽ ഫെസിലിറ്റി*** | അക്കോമഡേഷന്റെ ഭാഗമായി നൽകുന്ന സൗകര്യങ്ങൾ മറ്റ് താമസക്കാരുമായി പങ്കിട്ടുള്ളതാണ്. ഉദാഹരണങ്ങളിൽ ഉൾപ്പെടുന്നവ: പൊതു അടുക്കളകൾ, ഷവറുകളും ടോയിലറ്റുകളും, ലോൺട്രി ഏരിയകൾ, വിനോദ സ്ഥലങ്ങൾ. |
| ***താമസിക്കുന്നയാൾ*** | അക്കോമഡേഷനിൽ താമസിക്കുന്ന ഒരു വ്യക്തി. താമസക്കുന്നവരിൽ *തൊഴിലാളി*കൾ ചില സന്ദർഭങ്ങളിൽ അവരുടെ കുടുംബങ്ങൾ എന്നിവർ ഉൾപ്പെടുന്നു. |
| ***തൊഴിലാളി*** | മുഴുവന സമയമോ പാർട്ട്-ടൈമായോ ജോലി നിർവഹിക്കുന്ന ഒരു വ്യക്തി. ഇതിൽ പീസ് റേറ്റ് *തൊഴിലാളി*കൾ, വൊക്കേഷണൽ ട്രെയിനികൾ, ഒരു പ്രൊബേഷനറി കാലയളവിലൂടെ കടന്നുപോകുന്ന *തൊഴിലാളി*കൾ, ഉപ-കരാർ *തൊഴിലാളി*കൾ, സൈറ്റിൽ ആഴ്ചയിൽ പതിനെട്ട് (18) മണിക്കൂറോ അതിൽ കൂടുതലോ ജോലി ചെയ്യുന്ന *തൊഴിലാളി*കൾ എന്നിവർ ഉൾപ്പെടുന്നു. |